**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 383** **08-08-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണ വകുപ്പിൽ ഈ വർഷം പൊതുസ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട് . ഓൺലൈൻ മുഖേനയാണ് പൊതു സ്ഥലംമാറ്റം നടത്തിയിട്ടുള്ളത് .പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി കരട് ക്യൂ ലിസ്റ്റും അന്തിമ ക്യൂ ലിസ്റ്റും പുറപ്പെടുവിച്ചിരുന്നു. തുടർന്ന് കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങൾ സ്വീകരിക്കുകയും അതിനെതുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023തീയതിയിലെ LSGD/PD/1224/2023-DED1നമ്പർ നടപടിക്രമം പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ക്ലാർക്ക് തസ്തികയിൽ നിന്നും സീനിയർ ക്ലാർക്ക് തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചപ്പോഴും പ്രസ്തുത സ്ഥാപനങ്ങളിൽ തന്നെ തുടരുന്ന സീനിയർ ക്ലാർക്കുമാർ ആരൊക്കെയാണെന്നും ഇവർക്ക് സ്ഥലം മാറ്റം അനുവദിച്ചിട്ടുണ്ടോയെന്നും അറിയിക്കാമോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | മൂന്ന് വർഷത്തിലധികം സർവീസ് പൂർത്തീകരിച്ച സീനിയർ ക്ലാർക്കുമാർ മേൽ സ്ഥാപനങ്ങൾ ഒന്നാം ഓപ്ഷനായി സ്ഥലം മാറ്റത്തിനായി അപേക്ഷിച്ചിട്ട് സ്ഥലം മാറ്റം അനുവദിക്കാതെ, എവിടെ എല്ലാമാണ് പ്രൊമോഷൻ ലഭിച്ച സീനിയർ ക്ലാർക്കുമാരെ അവിടെ തന്നെ തുടരാൻ അനുവദിച്ചിട്ടുള്ളതെന്നറിയിക്കാമോ; | (സി) | വിവരം ശേഖരിച്ചു വരുന്നു |
| (ഡി) | സ്ഥലംമാറ്റ മാനദണ്ഡം പ്രകാരം അർഹതപ്പെട്ട സ്ഥലംമാറ്റം അനുവദിക്കാതെ അനർഹരായവർക്ക് സംരക്ഷണം നൽകുന്ന സ്ഥലംമാറ്റ ഉത്തരവ് പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഡി) | പൊതു സ്ഥലംമാറ്റത്തിന്റെ ഭാഗമായി കരട് ക്യൂ ലിസ്റ്റും അന്തിമ ക്യൂ ലിസ്റ്റും പുറപ്പെടുവിച്ചിരുന്നു.തുടർന്ന് കരട് സ്ഥലംമാറ്റ പട്ടിക പ്രസിദ്ധീകരിക്കുകയും ആയതിന്മേൽ ആക്ഷേപങ്ങൾ സ്വീകരിക്കുകയും അതിനെതുടർന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03.07.2023തീയതിയിലെ LSGD/PD/1224/2023-DED1നമ്പർ നടപടിക്രമം |

| | | | |
|---|---|---|---|
| | | | പ്രകാരം അന്തിമ സ്ഥലംമാറ്റ ഉത്തരവ് സോഫ്റ്റ്വെയർ മുഖേന തന്നെ പുറപ്പെടുവിക്കുകയുമാണുണ്ടായത് .പൊതു സ്ഥലംമാറ്റ മാനദണ്ഡങ്ങൾ സംബന്ധിച്ച 22.03.2023-ലെ സ.ഉ (കൈ ) നം. 79/2023/LSGDസർക്കാർ ഉത്തരവ് പ്രകാരം ജില്ലാ ജോയിന്റ് ഡയറക്ടർമാർ നടത്തുന്ന സ്ഥലംമാറ്റങ്ങൾക്ക എതിരെയുള്ള അപ്പീലുകൾ പ്രിൻസിപ്പൽ ഡയറക്ടർ മുൻപാകെയും, പ്രിൻസിപ്പൽ ഡയറക്ടർ നടത്തുന്ന സ്ഥലം മാറ്റങ്ങൾക്ക എതിരെയുള്ള അപ്പീലുകൾ സർക്കാരിലും സമർപ്പിക്കാവുന്നതാണ്. ആയതിൻപ്രകാരം സർക്കാർ തലത്തിൽ ലഭിക്കുന്ന അപ്പീലുകൾ പരിശോധിക്കുന്നതിനായി അപ്പീൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ